"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി അകുപ്പ് - കരുനാഗപ്പള്ളി ഭാഗ്യക്കുറി സബ് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിനായി കണ്ടെത്തിയിട്ടുള്ള ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഓഫീസ് ആവശ്യത്തിന് അനുയോജ്യമായ രീതിയിൽ ഫർണിഷ് ചെയ്യുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.187/2026/TAXES തീയതി,തിരുവനന്തപുരം, 16-02-2026

---

പരാമർശം:- 1. 23.05.2025-ലെ ജി.ഒ.(ആർടി) നം.488/2025/ടാക്സസ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 26.12.2025-ലെ SLTY/4861/2025-MOD3 നമ്പർ കത്ത്

**ഉത്തരവ്**

കരുനാഗപ്പള്ളി ഭാഗ്യക്കുറി സബ് ഓഫീസ് നിലവിൽ പ്രവർത്തിച്ച് വരുന്ന കെട്ടിടത്തിൽനിന്ന് ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിരുന്നു. ടി കെട്ടിടം ഓഫീസ് ആവശ്യത്തിന് അനുയോജ്യമായ തരത്തിൽ നവീകരിക്കുന്നതിന് ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുകയായ ₹9,18,536/- (ഒൻപത് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റിമുപ്പത്താറ് രൂപ മാത്രം) യുടെ എസ്റ്റിമേറ്റ് സമർപ്പിച്ച ഗവൺമെന്റ് ഇൻസ്ട്രമെന്റ് വർക്ഷോപ്പിന്റെ എസ്റ്റിമേറ്റ് അംഗീകരിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ ഇനത്തിലുള്ള ചെലവ് 2075-00-103-94-7-objects എന്ന ശീർഷകത്തിൽനിന്ന് വഹിക്കുന്നതിനും അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള കരുനാഗപ്പള്ളി സബ് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിനായി കണ്ടെത്തിയിട്ടുള്ള ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഓഫീസ് ആവശ്യത്തിന് അനുയോജ്യമായ രീതിയിൽ ₹9,18,536/-(ഒൻപത് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റി മുപ്പതിയാറ് രൂപ മാത്രം) ചെലവഴിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ടി ചെലവ് 2075-00-103-94-17 NV എന്ന ശീർഷകത്തിൽ നിന്ന്

വഹിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**KABEER C A**
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (03.02.2026-ലെ 3122879/Exp.B1/237/2025-Fin പ്രകാരം)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ (TAXES-H1/403/2025-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu G
Date: 16-02-2026 15:51:39
സെക്ഷൻ ഓഫീസർ